# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 295 04.02.2013-ൽ മറുപടി**

**അടിയന്തിരാവസ്ഥക്കാലത്തെ രാഷ്ട്രീയ തടവുകാർ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ പുരുഷൻ കടലുണ്ടി | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) അടിയന്തിരാവസ്ഥക്കാലത്ത്, കേരളത്തിൽ എത്രപേരെ രാഷ്ട്രീയ തടവുകാരായി ജയിലിൽ അടച്ചിട്ടുണ്ട്; | (എ) അടിയന്തിരാവസ്ഥക്കാലത്ത് കേരളത്തിലെ ജയിലുകളിൽ തടവുകാരായി പാർപ്പിച്ചവരെ സംബന്ധിച്ച രേഖകൾ ഭൂരിഭാഗവും കാലപ്പഴക്കത്താലും നിരന്തര ഉപയോഗത്താലും നഷ്ടപ്പെട്ടുപോയിട്ടുള്ളതാണ്. സംസ്ഥാനത്തെ ജയിലുകളിൽ ഇപ്പോൾ ലഭ്യമായ രേഖകൾ പ്രകാരം അടിയന്തിരാവസ്ഥക്കാലത്ത് മിസ (MISA), ഡി.ഐ.ആർ (DIR), തുടങ്ങിയ നിയമങ്ങൾ അനുസരിച്ച് 3229 പേരെ കേരളത്തിലെ ജയിലുകളിൽ പാർപ്പിച്ചിട്ടുണ്ട്. |
| ബി) ഇതിൽ, എത്രപേരെ ക്രിമിനൽ കുറ്റങ്ങൾ ആരോപിച്ച് ശിക്ഷിച്ചിട്ടുണ്ട് ; | (ബി) 772 |
| സി) അടിയന്തിരാവസ്ഥക്കാലത്ത് എത്രപേരെ സിവിൽ നിയമ ലംഘനങ്ങൾക്ക് അറസ്റ്റ് ചെയ്ത് ജയിലിലടച്ചിട്ടുണ്ട്; | (സി) 2754 പേരെ ഇപ്രകാരം അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| ഡി) അടിയന്തിരാവസ്ഥക്കാലത്ത് ജാമ്യമില്ലാത്ത വകുപ്പുകൾ പ്രകാരം എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് ? | (ഡി) 1631 പേരെ ജാമ്യമില്ലാത്ത വകുപ്പുകൾ അനുസരിച്ച് അറസ്റ്റ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ